**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 742** **28-01-2026 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | 2016 മെയ് മാസം മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് വിവിധ പദ്ധതികൾ വഴി നടപ്പിലാക്കിയ പ്രവൃത്തികൾ, ഓരോ പ്രവൃത്തിക്കും ചിലവഴിച്ച തുക, പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്നിവ വിശദമാക്കാമോ? | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>2016 മെയ് മാസം മുതൽ നാളിതുവരെ വിതരണ വിഭാഗത്തിൽ കായംകുളം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് വിവിധ പദ്ധതികൾ വഴി നടപ്പിലാക്കിയ പ്രവൃത്തികളും ഓരോ പ്രവൃത്തിക്കും ചിലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.<br><br>1. പൂർത്തീകരിച്ച പദ്ധതികൾ (36 കോടി 43 ലക്ഷം രൂപയുടെ പ്രവൃത്തികൾ) |

| പദ്ധതി | തുക (Rs in Lakhs) |
|---|---|
| DDUGJY | 200.755 |
| IPDS | 118.81 |
| RDSS Package 1 & 2 | 114.00 |
| ദ്യുതി 1 (2018-2022) | 1665.89 |
| ദ്യുതി 2 (2022-2025) | 1228.00 |
| സൗര ഫേസ് - 1 | 64.19855 |
| സമ്പൂർണ്ണ വൈദ്യുതീകരണം 2017 | 56.64285 |
| BPL കണക്ഷൻ | 130.85 |
| EV ചാർജിങ് സ്റ്റേഷൻ | 3.0679 |
| പുതിയ ഓഫീസ് കെട്ടിടം | 60.84546 |
| **ആകെ തുക (In Lakhs)** | **3643.06** |

2. പുരോഗമിച്ച് കൊണ്ടിരിക്കുന്ന പദ്ധതികൾ (5 കോടി 79 ലക്ഷം രൂപയുടെ പ്രവൃത്തികൾ)

കായംകുളം നിയോജകമണ്ഡലത്തിൽ 2025-26 കാലയളവിൽ ദ്യുതി 2.0-ൽ 4 വർക്കുകളിലായി 23 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ RDSS റീജിയണൽ പാക്കേജിൽ 32 വർക്കുകളിലായി 556 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

കായംകുളം നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 94,95,000/- (തൊണ്ണൂറ്റിനാല് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം) രൂപ ചിലവിൽ 211 kW സ്ഥാപിത ശേഷിയിൽ 20 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 1,67,340/- രൂപ ചെലവിൽ 6 പോൾ മൗണ്ടഡ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

കായംകുളം നിയമസഭാ മണ്ഡലത്തിൽ 2016 മുതൽ നാളിതു വരെ പ്രസരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളും ഓരോ പദ്ധതിയ്ക്കുമായി ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

A. നിലവിലുണ്ടായിരുന്ന 33കെ.വി. സബ്സ്റ്റേഷൻ കറ്റാനം, 110കെ.വി. നിലവാരത്തിൽ 66കെ.വി.-ആയി ശേഷി വർദ്ധിപ്പിച്ചു. ഇതിനായി നിലവിലുള്ള മാവേലിക്കര-കരുനാഗപ്പള്ളി 66 കെ.വി. ലൈനിലെ മോളേത്ത് ചർച്ച് എന്ന ലൊക്കേഷനിൽ നിന്നും 3.65കി.മീ. 66 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ 110കെ.വി. നിലവാരത്തിൽ വലിക്കുകയുണ്ടായി. പദ്ധതിക്ക് 11കോടി 13ലക്ഷം രൂപ ചെലവഴിച്ചു .

B. 110 കെ.വി. സബ്സ്റ്റേഷൻ, കായംകുളത്തെ നിലവിലുണ്ടായിരുന്ന 10 എം.വിഎ. വീതം ശേഷിയുള്ള രണ്ട് 110/11 ട്രാൻസ്ഫോർമറുകൾ 12.5 എം.വി.എ. വീതം ശേഷിയുള്ളതാക്കി. ഇതോടെ കായംകുളം സബ്സ്റ്റേഷൻ ശേഷി നിലവിലുണ്ടായിരുന്ന 32.5 എം.വി.എ.-യിൽ നിന്നും 37.5 എം.വി.എ. ആയിട്ടുണ്ട്. ഇതിനായി 215.7 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

C. കായംകുളം 110കെ.വി. സബ്സ്റ്റേഷനിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐപിഡിഎസിൽ ഉൾപ്പെടുത്തി 13.88 ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി.

D. കറ്റാനം 66 കെ.വി. സബ്സ്റ്റേഷനിൽ പുതുതായി ഒരു 66/11 കെവി 10 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു സ്റ്റേഷൻ കപ്പാസിറ്റി നിലവിലെ 20 എം.വി.എ.-യിൽ നിന്നും 30 എം.വി.എ. ആക്കുന്ന 206 ലക്ഷം രൂപ പ്രോജക്റ്റ് തുക വരുന്ന പദ്ധതി അന്തിമ ഘട്ടത്തിലുമാണ്.

| | | | |
|---|---|---|---|
| | | | **<u>അനെർട്ട്</u>**<br><br>**2016** മെയ് മാസം മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ, ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക, പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.<br><br>**<u>എനർജി മാനേജ്മെന്റ് സെന്റർ</u>**<br><br>നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി ആലപ്പുഴ ജില്ലയിൽ തെരഞ്ഞെടുത്ത ദേവികുളങ്ങര പഞ്ചായത്തിലെ **19** അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കുവാനും എൽപിജി ഉപയോഗം കുറയ്ക്കുവാനും സാധിക്കുന്നതാണ്. **19** അങ്കണവാടികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി **1,78,467/-**രൂപ ഇ.എം.സി. ചിലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**2016 മെയ് മാസം മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ**

| Sl. No. | Institution | Project | Capacity (Kw) | Deposited Amount | Work Order Amount (Without ANERT Service Charge) | Current Status |
|---|---|---|---|---|---|---|
| 1 | Kayamkulam Taluk Hospital | Off Grid Power Plant | 12 | 13,89,500 | 12,64,251 | Warranty Expired |
| 2 | Krishnapuram Grama Panchayath | On Grid Power Plant | 3 | 2,31,000 | 1,65,360 | Working |
| 3 | GLPS Kayamkulam | Off Grid Power Plant | 3 | 2,06,250 | 1,69,096 | Working |
| 4 | PHC Krishnapuram | Hybrid Power Plant | 3 | 5,50,000 | 4,86,090 | Working |
| 5 | Devikulagara Grama Panchayath | Conversion of Off Grid to ON Grid Power Plant | 3 | 1,32,000 | - | Under Tender Processing |
| 6 | Kayamkulam Taluk Hospital | Maintenance of Off Grid Power Plant | 12 | 7,00,000 | - | Under Tender Processing |
| 7 | FHC Chettikulagara | On Grid Power Plant | 7 | 4,88,950 | 3,89,440 | Working |
| 8 | FHC Bharanikavu | On Grid Power Plant | 7 | 6,36,350 | 3,84,440 | Work On Going |